ഭരണഭാഷ-മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം
dtekerala@gmail.com
0471 2561307

മേലെഴുത്ത് നമ്പർ : **DTETVM/7916/2026-EA2 (EA)** തീയതി: **03-10-2026**

കേരള **PSC** നടത്തുന്ന പരീക്ഷാ സംബന്ധിയായ ജോലികളിൽ നിന്നും അധ്യാപകർ വിട്ട് നിൽക്കുന്നതായും അധ്യാപകർ കമ്മീഷനുമായി സഹകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും കാണിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും ലഭിച്ചിരിക്കുന്ന കത്തിന്റെ പകർപ്പ് അടിയന്തിര നടപടികൾക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

Digitally signed by
Jayaprakash P
Date: 06-10-2026
12:50:06

വിശ്വസ്തതയോടെ,

Dr JAYAPRAKASH P
DIRECTOR

സ്വീകർത്താവ്:

വകുപ്പിന് കീഴിലെ എല്ലാ സ്ഥാപന മേധാവികൾക്കും(ഔദ്യോഗിക വെബ്സൈറ്റ് മുഖാന്തിരം)

EL 84 31 76 65 5 IN

Website: www.keralapsc.gov.in

Registered with A/D
e-mail: kpsc@keralapsc.gov.in

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

നമ്പർ: PSC/SOTOCH/1/2026/KPSC/Confidential

Thiruvananthapuram
Dated: 19.09.2026

പ്രേഷിതൻ,

സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
പട്ടം, തിരുവനന്തപുരം

സ്വീകർത്താവ്,

ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്
കേരളം

OFFICE OF THE DIRECTOR OF TECHNICAL EDUCATION
24 SEP 2026
THIRUVANANTHAPURAM-23.

സർ,

വിഷയം: പബ്ലിക് സർവ്വീസ് കമ്മീഷൻ - തെരഞ്ഞെടുപ്പു നടപടികൾ - അദ്ധ്യാപകരുടെ സേവനം സംബന്ധിച്ച്.

സൂചന: കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടം 1960. ചട്ടം 49B.

സർ,

സർക്കാർ വകുപ്പുകളിലെ വിവിധ തസ്തികകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ വിവിധ ഘട്ടങ്ങളിൽ ചോദ്യകർത്താവ് / സിലബസുകൾ തയ്യാറാക്കുന്ന വിഷയ വിദഗ്ധൻ എന്നീ നിലകളിൽ അദ്ധ്യാപകരുടെയും സർക്കാർ ജീവനക്കാരുടെയും അവരുടെ മേഖലകളിലുള്ള വൈദഗ്ധ്യം പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രയോജനപ്പെടുത്തിവരുന്നു.

താങ്കളുടെ വകുപ്പിൽ സേവനമനുഷ്ഠിയ്ക്കുന്ന അദ്ധ്യാപകരുടെ സേവനം വിവിധ വിഷയ വിദഗ്ധർ എന്ന നിലയിൽ വളരെ നല്ല രീതിയിൽ ലഭിച്ചുവരുന്നു, എങ്കിലും ചെറിയ ശതമാനം അദ്ധ്യാപകർ പ്രത്യേക കാരണങ്ങൾ ഒന്നും കൂടാതെയോ നിസ്സാരകാരണങ്ങൾ പറഞ്ഞും കമ്മീഷനോട് സഹകരിക്കുന്നതിന് വിമുഖത കാണിക്കുന്നു. കമ്മീഷൻ ആവശ്യപ്പെടുന്ന അപ്രകാരമുള്ള സേവനങ്ങൾ സർക്കാർ ജീവനക്കാരും അദ്ധ്യാപകരും ഏറ്റെടുത്ത് യഥാസമയം

File No. DTETVM/7916/2026-EA2 (EA) (Computer No. 375470)
Generated from eOffice by Sruthilal M S, EA 2 (EA) DTE, EA2 (EA) DTE, DIRECTORATE OF TECHNICAL EDUCATION on 29/09/2026 12:33 PM

പൂർത്തിയാക്കണം എന്നത് 1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടത്തിൽ ചട്ടം 49B പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട് (SRO No. 257/98, G.O (P) 12/98/P & ARD dated 07.03.98).

പ്രസ്തുത സാഹചര്യത്തിൽ താങ്കളുടെ ഭരണ നിയന്ത്രണത്തിലുള്ള വകുപ്പിൽ സേവനമനുഷ്ഠിക്കുന്ന എല്ലാ അദ്ധ്യാപകരെയും കമ്മീഷനുമായി യോജിച്ച പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തേണ്ടതാണ്. കൂടാതെ യുവാക്കളെ യഥാസമയം സർക്കാർ സർവ്വീസിന്റെ ഭാഗമാക്കാൻ സഹായിക്കുക എന്ന സാമൂഹ്യ പ്രതിബദ്ധതയും ആയതിന്റെ അനിവാര്യതയെയും സംബന്ധിച്ചും ബോദ്ധ്യപ്പെടുത്തേണ്ടതുണ്ട്. അദ്ധ്യാപകർ കമ്മീഷനുമായി സഹകരിക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വാസപൂർവ്വം

സെക്രട്ടറി

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

File No. DTETVM/7916/2026-EA2 (EA) (Computer No. 375470)

Generated from eOffice by Sruthilal M S, EA 2 (EA) DTE, EA2 (EA) DTE, DIRECTORATE OF TECHNICAL EDUCATION on 29/09/2026 12:33 PM